**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 985** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. ഫൈസൽ ബാബു

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യനീതി വകുപ്പിന് കീഴിൽ സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഭിന്നശേഷിക്കാരായ വ്യക്തികളുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹികനീതി വകുപ്പിനു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഹു. കേരള ഗവർണർ 18.02.2022 ന് നിയമസഭയിൽ നടത്തിയ നയ പ്രഖ്യാപന പ്രസംഗത്തിൽ അറിയിക്കുകയും ആയതിലേക്കായി സംയോജിത പുനരധിവാസ ഗ്രാമം പദ്ധതി സാമുഹ്യനീതി വകുപ്പ് ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ടി പുനരധിവാസ ഗ്രാമ നിർമ്മാണത്തിന് മലപ്പുറം ജില്ലയിലെ കുറമ്പത്തൂർ വില്ലേജ്, തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ് എന്നിവിടങ്ങളിൽ ലഭ്യമായ ഭൂമി ടി പദ്ധതി നിർവ്വഹണത്തിന് റവന്യൂ വകുപ്പിൽ നിന്നും സാമൂഹികനീതി വകുപ്പിലേക്ക് ലഭ്യമാക്കുകയും ടി ജില്ലകളിലെ പുനരധിവാസ ഗ്രാമ നിർമ്മാണത്തിനുള്ള Detailed Project Report തയ്യാറാക്കിയിട്ടുള്ളതും മലപ്പുറം ജില്ലയിലെ പുനരധിവാസഗ്രാമ നിർമ്മാണത്തിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**(ബി)** മലപ്പുറം ആതവനാട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച സമഗ്ര ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മലപ്പുറം കുറമ്പത്തൂർ വില്ലേജിലെ ആതവനാട് ഗ്രാമപഞ്ചായത്തിലെ സംയോജിത പുനരധിവാസ ഗ്രാമത്തിന്റെ ആദ്യ ഘട്ട നിർമ്മാണത്തിൽ അഡ്മിനിസ്ട്രേറ്റീവ് & വൊക്കേഷണൽ ട്രെയിനിംഗ് ബ്ലോക്ക്, ഡേ കെയർ സെന്റർ, ഹോർട്ടികൾച്ചർ ഏരിയ, റോഡ് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** പ്രസ്തുത കേന്ദ്രം എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ പുനരധിവാസകേന്ദ്ര നിർമ്മാണത്തിന്റെ പ്രതീക്ഷിത ബഡ്ജറ്റ് 65.48 കോടി രൂപയാണ്. ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള

5,02,94,000/- രൂപയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം ഒരു വർഷത്തിനകം പൂർത്തികരിക്കുന്നതിന് ലക്ഷ്യമിടുന്നു. പുനരധിവാസ കേന്ദ്രം ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്.

**(ഡി)** ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

**<u>മറുപടി:</u>** മലപ്പുറം ജില്ലയ്ക്ക് പുറമേ ഭൂമി ലഭ്യമായിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജിലെ പുനരധിവാസ ഗ്രാമ നിർമ്മാണത്തിന് DPR തയ്യാറാക്കിയിട്ടുണ്ട്. ടെക്നിക്കൽ വെറ്റിംഗ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**